**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4888 14.11.2019-ൽ മറുപടിക്ക്**

**എച്ച്.എസ്.എസ്.ടി.(ജൂനിയർ) മലയാളം റാങ്ക് ലിസ്റ്റ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **പ്രൊഫ.സി.രവീന്ദ്രനാഥ്** **(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| സംസ്ഥാനത്തെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മലയാളം ഭാഷാധ്യാപകരുടെ (ജൂനിയർ - സീനിയർ) എത്ര ഒഴിവുകളാണ് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; നിലവിൽ എത്ര താൽക്കാലിക അധ്യാപകരാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നതെന്ന് അറിയിക്കാമോ ; | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) മലയാളം തസ്തികയിൽ 87 ഒഴിവുകളും സീനിയർ തസ്തികയിൽ 44 ഒഴിവുകളും നിലവിലുണ്ട്. ഇതിൽ ജൂനിയർ തസ്തികയിൽ 2008 മുതൽ 2015 വരെ 40 ബൈ ട്രാൻസ്ഫർ (എൻ.ജെ.ഡി) ഒഴിവുകളും 2016 മുതൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത 5 ബൈട്രാൻസ്ഫർ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത 42 ഒഴിവുകളും ഉൾപ്പെടുന്നു.<br>സീനിയർ തസ്തികയിൽ പ്രമോഷൻ മുഖേന നിലവിൽ വന്ന 30 ഒഴിവുകളും ഡെപ്യൂട്ടേഷൻ, എൽ.ഡബ്ല്യൂ.എ എന്നിവ മൂലമുണ്ടായ 13 ഒഴിവുകളും പി.എസ്.സി നിയമന ശുപാർശ ലഭിക്കാനുള്ള ഒരൊഴിവും ഉൾപ്പെടുന്നു. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ റഗുലർ നിയമനം നടത്താത്ത തസ്തികകളിൽ ഗസ്റ്റ് അധ്യാപകർ സേവനം ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത അധ്യാപകരുടെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.